ചവറ കെ.എം.എം.എൽ.-ന്റെ ഖനന മേഖലയിൽനിന്ന് ധാതുമണൽ വ്യാജമായി കടത്തുന്നതായി റിപ്പോർട്ട്

132 [1308] *ശ്രീ. വി. ഡി. സതീശൻ:*

,, കെ. മോഹൻകുമാർ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. പി. ടി. തോമസ്:

,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ കെ. എം. എം. എൽ.-ന്റെ ഖനന മേഖലയിൽനിന്ന് ധാതുമണൽ വ്യാജമായി തമിഴ്നാട്ടിലേക്ക് കടത്തുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ചുള്ള പത്ര റിപ്പോർട്ടുകളിൻമേൽ എന്തെല്ലാം അന്വേഷണങ്ങൾ നടത്തി;

(സി) അനിയന്ത്രിതമായ ധാതുമണൽ ഖനനംമൂലം നീണ്ടകര എട്ടാം വാർഡ്, ചെറുശ്ശേരി ഭാഗം, പൊൻമന മുതലായ സ്ഥലങ്ങളിൽ അഗാധഗർത്തങ്ങൾ ഉണ്ടായിട്ടുണ്ടോ?

ഉത്തരം

(എ) ഇതു സംബന്ധമായി റിപ്പോർട്ടുകൾ ഉണ്ടെങ്കിലും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടത്തിയ പരിശോധനകളിൽ ഇത്തരം കേസുകൾ കണ്ടുപിടിച്ചിട്ടില്ല.

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ മിനറൽ സ്ക്വാഡിന്റെ പ്രവർത്തനം ഈ മേഖലയിൽ ത്വരിതപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലാ ജിയോളജിസ്റ്റുകൾക്കും പരിശോധനകൾക്കായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നീണ്ടകര എട്ടാം വാർഡ്, ചെറുശ്ശേരി ഭാഗം എന്നീ പ്രദേശങ്ങളിൽ മൈനിംഗ് നടക്കുന്നില്ല. കമ്പനിയുടെ മൈനിംഗ് മേഖലയായ പൊന്മനയിൽ അഗാധഗർത്തങ്ങളൊന്നും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly